(ബി) എങ്കിൽ ഏതൊക്കെ വൃഷ്ടിപ്രദേശത്തെ എത്ര ഏക്കർ ഭൂമി വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വൃഷ്ടിപ്രദേശങ്ങളിൽ നടക്കാനിടയുള്ള നിർമ്മാണപ്രവർത്തനങ്ങൾ, കൃഷിജോലികൾ എന്നിവ മണ്ണൊലിപ്പ് സൃഷ്ടിച്ച് റിസർവോയറുകൾ ഉപയോഗശൂന്യമാകാനുള്ള സാധ്യത ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബോർഡിന്റെ അധീനതയിലുള്ള പ്രധാന റിസർവോയറുകളിൽ പഠനം നടത്തിയിട്ടുണ്ട്. ഇടുക്കി ജലസംഭരണിയിൽ 25 വർഷംകൊണ്ട് 1.29 ശതമാനവും കക്കി സംഭരണിയിൽ 33 വർഷംകൊണ്ട് 5.56 ശതമാനവും സംഭരണശേഷിക്കുറവ് കണ്ടെത്തിയിട്ടുണ്ട്. കല്ലാർകുട്ടി, പൊരിങ്ങൽകുത്ത് എന്നിവയിൽ 'സിൽറ്റേഷൻ' കാരണം താഴെ തട്ടിലുള്ള ജലം വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിക്കാൻ കഴിയാതായിട്ടുണ്ട്. പൊന്മുടി, കുണ്ടള, മാട്ടുപ്പെട്ടി, ആനയിറങ്കൽ, പമ്പ, കുറ്റ്യാടി എന്നീ ഡാമുകളുടെയും സംഭരണശേഷിയിൽ കുറവുവന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

ചാലക്കുടി പുഴയിലെ നിർദ്ദിഷ്ട ആതിരപ്പള്ളി ജലവൈദ്യുതപദ്ധതി

218 [1160] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, *ബിനോയ് വിശ്വം:*

,, *മാങ്കോട് രാധാകൃഷ്ണൻ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിലെ നിർദ്ദിഷ്ട ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽനിന്ന് ലഭിക്കാവുന്ന വൈദ്യുതി എത്ര മെഗാവാട്ട് ആണന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ചാലക്കുടി നദീതടത്തിലെ 20 ഗ്രാമപഞ്ചായത്തുകളിലെയും രണ്ടു മുനിസിപ്പാലിറ്റികളിലെയും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും താൽപ്പര്യത്തിനു വിരുദ്ധമായി കെ. എസ്. ഇ. ബി. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃശ്ശൂർ, എറണാകുളം ജില്ലകളിലായി 14000 ഹെക്ടർ പ്രദേശത്തെ ജലസേചനത്തിനായുള്ള തുമ്പൻമുഴി ജലസേചനപദ്ധതിയുടെ പ്രവർത്തനം വൈദ്യുതപദ്ധതി നടപ്പിലാക്കിയാൽ തകർന്നുപോകുമെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) വാഴച്ചാൽ-പൊകലപ്പാറ ആദിവാസി കോളനികളിലായി 90-ഓളം ആദിവാസി കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടാൽ പകരം എന്തു സംവിധാനമാണ് ഈ കുടുംബങ്ങൾക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) ആതിരപ്പള്ളി പദ്ധതിയെക്കുറിച്ച് TBGRI നടത്തിയ പഠനം അപര്യാപ്തമാണെന്ന ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി സംബന്ധിച്ച് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഇ) 2002 ഫെബ്രുവരി 6-ന് നടത്തിയ പൊതുതെളിവെടുപ്പിലെ പാനൽ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നും ഇതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(എച്ച്) WAPCOS എന്നൊരു ഏജൻസിയെക്കൊണ്ട് കെ. എസ്. ഇ. ബി. പുതിയ പഠനം നടത്തിയിട്ടുണ്ടോ; ഈ ഏജൻസിയെ തെരഞ്ഞെടുത്തത് എന്തു മാനദണ്ഡം അനുസരിച്ചാണ്; ഇവരുടെ ശുപാർശകൾ എന്തെല്ലാമാണ്;

(ഐ) 2005 മേയ് 7-ന് നടത്തിയ ജനകീയ പൊതുതെളിവെടുപ്പിലെ ജനവികാരവും നിർദ്ദേശങ്ങളും സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 163 മെഗാവാട്ട് 385.63 കോടി രൂപ (2004-2005-ലെ വിലനിലവാര മനുസരിച്ച്).

(സി) ചാലക്കുടി നദീതടത്തിലെ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ജനങ്ങളുടെയും ജനപ്രതിനിധികളുടെയും താൽപ്പര്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നിർദ്ദിഷ്ട വൈദ്യുതപദ്ധതി തുമ്പൻമുഴി ജലസേചനപദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാത്തരീതിയിലാണ് പദ്ധതി നടപ്പിലാക്കുക.

(ഇ) നിർദ്ദിഷ്ട പദ്ധതികൊണ്ട് ഒരു ആദിവാസി കുടുംബവും ഒഴിപ്പിക്കപ്പെടില്ല. എന്നാൽ റിസർവോയർ ഏരിയയുടെ പുറത്ത് ഒരു കിലോമീറ്ററിനുള്ളിൽ താമസിക്കുന്ന 18 ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടിവരികയാണെങ്കിൽ അതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിസംബന്ധിച്ച് 'റ്റി. ബി. ജി. ആർ. ഐ.' നടത്തിയ പഠനം അപര്യാപ്തമാണെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) 2002 ഫെബ്രുവരി 6-ന് നടത്തിയ പൊതുതെളിവെടുപ്പിലെ പാനൽ നിർദ്ദിഷ്ട പദ്ധതിപ്രദേശത്ത് വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തണമെന്നും അതിന്റെ എക്സിക്യൂട്ടീവ് സമ്മറി ജനങ്ങൾക്ക് ലഭ്യമാക്കിയതിനുശേഷം ജനസമ്പർക്കപരിപാടി നടത്തണമെന്നും ശുപാർശ ചെയ്തു. ഇതിൻപ്രകാരം വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തുകയും ഇതിന്റെ റിപ്പോർട്ട് 7-8-2003-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ ശുപാർശകളെ സംബന്ധിച്ച റിപ്പോർട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും 10-2-2005-ൽ പരിസ്ഥിതിക്കുള്ള അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നൽകുകയുമുണ്ടായി.

(എച്ച്) ഉണ്ട്. WAPCOS കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനമായതിനാലാണ് പ്രസ്തുത ഏജൻസിയെ വിശദമായ പരിസ്ഥിതി ആഘാതപഠനം നടത്തുവാൻ തിരഞ്ഞെടുത്തത്. പ്രസ്തുത ഏജൻസി സമർപ്പിച്ച റിപ്പോർട്ടിൽ വിശദമായ എൻവയോൺമെന്റൽ മാനേജ്മെന്റ് പ്ലാനും എൻവയോൺമെന്റൽ മോണിറ്ററിംഗ് പ്രോഗ്രാമും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഐ) ചാലക്കുടി നദീതടത്തിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ട് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെറുകിട ജലവൈദ്യുത പദ്ധതികൾ

219 [1161] *ശ്രീ. തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർഷകാലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏറ്റവും കൂടുതൽ യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കപ്പെടുന്ന ചെറുകിട ജലവൈദ്യുതപദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വർഷകാലത്ത് കേരളത്തിൽ അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; എങ്കിൽ എത്ര യൂണിറ്റ് ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഇതര സംസ്ഥാനങ്ങൾക്ക് വിറ്റ് കെ. എസ്. ഇ. ബി.യുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

GPM. 2/567/2012—32

LIBRARY ARCHIVES Kerala Legislative Assembly